# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:** 314 **23.01.2018**-ൽ മറുപടിക്ക്

## ക്യാൻസർ രോഗികളുടെ ചികിത്സാ സഹായപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ക്യാൻസർ രോഗികളുടെ ചികിത്സാ സഹായത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ക്യാൻസർ ചികിത്സാ ആശുപത്രികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വരെയുള്ള ക്യാൻസർ ചികിത്സാ ധനസഹായം സൗജന്യമായി നൽകുന്നതിന് ആരോഗ്യവകുപ്പ് തയ്യാറാക്കിയ പദ്ധതിയാണ് സുകൃതം. തിരുവനന്തപുരം ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി മുഖേന റേഷൻ കാർഡിൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്യാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം നൽകി വരുന്നു. ക്യാൻസർ സുരക്ഷ പദ്ധതി മുഖേന 18 വയസ്സ് വരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ക്യാൻസർ ചികിത്സ എ.പി.എൽ., ബി.പി.എൽ ബാധകമല്ലാതെ പൂർണ്ണമായും സൗജന്യമായി നൽകുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നവർക്ക് ക്യാൻസർ ചികിത്സ സൗജന്യമായി നൽകി വരുന്നു. ക്യാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. സ്നേഹസാന്ത്വനം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ക്യാൻസർ ചികിത്സ സൗജന്യമായി നൽകി വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതിയിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ ചിസ്സ് പ്ലസ്സ് പദ്ധതി പ്രകാരം ചികിത്സ ധനസഹായം ലഭ്യമാക്കുന്നുണ്ട്. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ പൂവർ പദ്ധതിയിലൂടെ ക്യാൻസർ രോഗികൾക്കുള്ള ചികിത്സസഹായം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരം നൽകിവരുന്നു. |

| | | | |
|---|---|---|---|
| ബി) | ക്യാൻസർ രോഗികളുടെ പരിചരണത്തിനായി താലൂക്ക് ആശുപത്രികൾ തോറും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ബി) | സംസ്ഥാനത്ത് എല്ലാ ജില്ലാ ആശുപത്രികളിലും പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയിലൂടെ ഫണ്ട് നൽകിയിട്ടുണ്ട്. ഇതിനായുള്ള ഡോക്ടർമാരുടെ പരിശീലനം തിരുവനന്തപുരം ആർ.സി.സി, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിൽ വച്ച് നടത്തുകയും ഡോക്ടർമാരെ ഈ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**